## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2622 | 10.12.2014 -ൽ മറുപടിക്ക്

## വന്ധ്യംകരണ ശസ്ത്രക്രിയ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് നിലവിലുണ്ടായിട്ടുള്ള ഭീതി പരിഹരിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) വന്ധ്യംകരണ ശസ്ത്രക്രിയ കേരളത്തിലെ എല്ലാ ജില്ലകളിലും സർക്കാർ മേഖലകളിലും, സ്വകാര്യ മേഖലയിലും പൊതുജന സ്വീകാര്യതയോടുകൂടി നടത്തി വരുന്നു. കുടുംബാസൂത്രണ മാർഗ്ഗങ്ങളിൽ, സംസ്ഥാനത്തെ ജനങ്ങൾ ഏറ്റവും കൂടുതൽ വിശ്വാസ്യത അർപ്പിച്ചിരിക്കുന്നത് വന്ധ്യംകരണ ശസ്ത്രക്രിയകളോടാണ്. 2014 ജനുവരി മുതൽ നവംബർ വരെ 4,418 മിനിലാപ്പും, 15,985 ലാപ്രോസ്കോപ്പിക് സ്റ്റെറിലൈസേഷനും 1,163 പുരുഷ വന്ധ്യംകരണ ശസ്ത്രക്രിയ, NSV (Non Scalpal Vasectomy) യും നടത്തുകയുണ്ടായി. PPS (Post Partom Sterilization) 60,364 നടത്തുകയുണ്ടായി. ഒരു വടക്കൻ സംസ്ഥാനത്ത് വന്ധ്യംകരണ ശസ്ത്രക്രിയയെ തുടർന്ന് മരണങ്ങൾ സംഭവിച്ചുവെങ്കിലും അത് കേരളത്തിലെ കുടുംബാസൂത്രണ മേഖലയെ ബാധിച്ചില്ല. ആശാ പ്രവർത്തകരും, ആരോഗ്യവകുപ്പ് ജീവനക്കാരും, മെഡിക്കൽ ഓഫീസർമാരും ബോധവൽക്കരണ പരിശീലന പരിപാടികളിലൂടെ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ പ്രചരിപ്പിച്ചു വരുന്നു. ഇതിനു പുറമേ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ, പോസ്റ്ററുകൾ, നോട്ടീസ് ബോർഡുകൾ, സ്ട്രോളിംഗ് ബോർഡുകൾ എന്നിവയിലൂടെ വന്ധ്യംകരണ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ പ്രചാരം ആരോഗ്യവകുപ്പ് നടത്തി വരുന്നു. |

(ബി) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ എത്രയെണ്ണം ഈ വർഷം ലഭ്യമായിട്ടുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ ?

(ബി) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും ഈ വർഷം 13 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | തിരുവനന്തപുരം | ഇല്ല |
| 2. | കൊല്ലം | 13 (പതിമൂന്ന്) |
| 3. | ആലപ്പുഴ | ഇല്ല |
| 4. | പത്തനംതിട്ട | ഇല്ല |
| 5. | കോട്ടയം | ഇല്ല |
| 6. | ഇടുക്കി | ഇല്ല |
| 7. | എറണാകുളം | ഇല്ല |
| 8. | തൃശ്ശൂർ | ഇല്ല |
| 9. | പാലക്കാട് | ഇല്ല |
| 10. | മലപ്പുറം | ഇല്ല |
| 11. | കോഴിക്കോട് | ഇല്ല |
| 12. | വയനാട് | ഇല്ല |
| 13. | കണ്ണൂർ | ഇല്ല |
| 14. | കാസർഗോഡ് | ഇല്ല |
| | **ആകെ** | **13 (പതിമൂന്ന്)** |

സെക്ഷൻ ഓഫീസർ